**I** ഇന്റർവ്യൂവിന് മുന്നോടിയായി നടത്തുന്ന വെരിഫിക്കേഷൻ സമയത്ത് താങ്കൾ താഴെ പറയുന്ന അസ്സൽ പ്രമാണങ്ങളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ **പകർപ്പും ഒരു ഫോട്ടോയും ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം യാതൊരു കാരണവശാലും താങ്കളെ ഇൻറർവ്യൂവിന് പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല**.

1 അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന താങ്കളുടെ ജനനതീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ (eg.SSLC)

2 അപേക്ഷയിൽ താങ്കൾ അവകാശപ്പെട്ടിട്ടുള്ള ഈ തസ്തികയ്ക്ക് അവശ്യം വേണ്ടതായ യോഗ്യതകൾ തെളിയിക്കുന്നതിന് ആവശ്യമായ സർട്ടിഫിക്കറ്റുകൾ. അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള (1)BA/BSc/BCom/BAL Certificate (2) Bachelor Degree of Industrial Law from Cochin University/ LLB Certificate & marklist with Labour law as optional subject/MSW PG with Labour law as one of the subjects /MA Degree in Personal Management & Industrial Relation. _

3 പി.എസ്.സി അംഗീകരിച്ച ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖയും അതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും. തിരിച്ചറിയൽ രേഖകളെ സംബന്ധിച്ച വിശദവിവരങ്ങൾക്ക് www.keralapsc.gov.in നോക്കുക.

4 ആറു മാസത്തിനകം എടുത്ത പാസ്സ്പോർട്ട് സൈസ് ഫോട്ടോ (കുറിപ്പ് III(ii) കാണുക.)

5 വികലാംഗ ഉദ്യോഗാർത്ഥികൾ ആയത് തെളിയിക്കുന്നതിന് Standing Disability Board നൽകുന്ന Disability Certificate (അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും) ഹാജരാക്കേണ്ടതാണ്.

6 വിമുക്ത ഭടന്മാർ അയത് തെളിയിക്കുന്നതിന് Discharge Certificate, Pension Payment Order എന്നിവയുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

7 അപേക്ഷയിൽ State/Central Government Employee എന്ന് അവകാശപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ മേലധികാരിയിൽ നിന്നുള്ള രസീത്/ സർട്ടിഫിക്കറ്റ് (അസ്സൽ) അപേക്ഷ സ്വീകരിയ്ക്കുന്ന അവസാന തീയതിയ്ക്കു മുൻപ് വാങ്ങിയത് ഹാജരാക്കേണ്ടതാണ്.

**II** താങ്കൾ ജാതി സംവരണാനുകൂല്യത്തിന് അർഹതയുള്ള പട്ടികജാതി/പട്ടികവർഗ്ഗ സമുദായത്തിലെ അംഗമാണെങ്കിൽ താങ്കളുടെ ജാതി സർട്ടിഫിക്കറ്റിന്റെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ രണ്ട് പകർപ്പുകളും. OBC വിഭാഗത്തിലുള്ളവർ 26.09.2009 ലെ 81/2009/എസ്.സി/എസ്.റ്റി/ഡി.ഡി. എന്ന സർക്കാർ ഉത്തരവ് പ്രകാരം നേടിയിട്ടുള്ള നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ് (NCLC) അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പും ഹാജരാക്കേണ്ടതാണ്. (കുറിപ്പ് III(iii) കാണുക.)

**III**

**കുറിപ്പ്:** (i) ഏതെങ്കിലും പ്രമാണം ഹാജരാക്കുന്നതിന് പിന്നീട് സമയം അനുവദിക്കുന്നതല്ല.

(ii) സ്റ്റാമ്പ് സൈസ് ഫോട്ടോ ഹാജരാക്കാൻ പാടില്ല. ഫോട്ടോ ഇളം നിറത്തിലുള്ള പശ്ചാത്തലത്തോടുകൂടിയതും മുഖം പൂർണ്ണമായും ഫോട്ടോയുടെ മദ്ധ്യഭാഗത്ത് പതിഞ്ഞിരിക്കേണ്ടതും തോൾഭാഗവും കണ്ണുകളും വ്യക്തമായി കാണത്തക്ക വിധത്തിലുള്ളതും 4.5 സെ.മി X 3.5 സെ.മി അളവിലുള്ളതുമായിരിക്കണം. **ഫോട്ടോയിൽ പേരും ഫോട്ടോ എടുത്ത തീയതിയും രേഖപ്പെടുത്തിയിരിക്കണം.**

(iii) ജാതി/നോൺക്രീമിലെയർ സർട്ടിഫിക്കറ്റിൽ (ജാതി സർട്ടിഫിക്കറ്റ് (For SC/ST candidates-2 പകർപ്പ്, NCLC-1 പകർപ്പ്) പിതാവിന്റെ പേരും, അപേക്ഷയിലെ/എസ്.എസ്.എൽ.സി ബുക്കിലെ വിലാസവും രേഖപ്പെടുത്തിയിരിക്കണം. ബന്ധപ്പെട്ട റവന്യൂ അധികാരിയുടെ പേരും ഔദ്യോഗിക ആഫീസ് സീലും രേഖപ്പെടുത്തിയിരിക്കണം.

(iv) അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും വ്യത്യസ്ഥമായി രേഖകളിൽ പേര്, അഡ്രസ്സ് എന്നിവയിൽ വ്യത്യാസം ഉണ്ടായിരുന്നാൽ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ One & the Same സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

(v) നിശ്ചിത തീയതിയിൽ ഇൻറർവ്യൂവിന് ഹാജരാകാത്ത ഉദ്യോഗാർത്ഥികൾക്ക് പിന്നീട് സമയം അനുവദിക്കുന്നതല്ല.

**IV** എന്തെങ്കിലും കാരണവശാൽ ഇന്റർവ്യൂ മാറ്റിവയ്ക്കേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കിൽ ഉദ്യോഗാർത്ഥികൾക്ക് പുതിയതായി ഇന്റർവ്യൂ മെമ്മോ അയയ്ക്കുന്നതല്ല. പുതുക്കിയ തീയതി സംബന്ധിച്ച വിവരങ്ങൾ വാർത്താ മാദ്ധ്യമങ്ങളിലും കമ്മീഷന്റെ വെബ്സൈറ്റായ www.keralapsc.gov.in ലും പ്രസിദ്ധീകരിക്കുന്നതാണ്. ഉദ്യോഗാർത്ഥികൾ വെബ്സൈറ്റും വാർത്താമാദ്ധ്യമങ്ങളും നിരീക്ഷിച്ച് പുതുക്കിയ തീയതി അറിയേണ്ടതും ഇതേ മെമ്മോയുമായി ഇന്റർവ്യൂവിന് ഹാജരാകേണ്ടതുമാണ്.